## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 407** — **10.06.2014 ൽ മറുപടിയ്ക്ക്**

## സൗജന്യ സൗരോർജ്ജ റാന്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പാലോട് രവി . | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനെർട്ട് സൗജന്യ സൗരോർജ്ജ റാന്തൽ വിതരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2011-12 സാമ്പത്തിക വർഷം വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന ഡിഫറന്റിലി ഏബിൾഡ് ആയ അംഗങ്ങളുള്ള വീടുകളിൽ 5000 സോളാർ റാന്തലുകൾ വിതരണം ചെയ്യാൻ പദ്ധതിയുണ്ടായിരുന്നു. 2090 രൂപ വിലയുള്ള ഈ സൗരോർജ്ജ റാന്തലുകൾ 14 ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ച് 266 എണ്ണം വിതരണം ചെയ്യാൻ നടപടിയായിട്ടുണ്ട്.<br>2012-13 വർഷത്തെ പദ്ധതിയുടെ ഭാഗമായി 1889 രൂപ വിലയുള്ള സി.എഫ്.എൽ. സോളാർ റാന്തലുകൾ 28000 ഗുണഭോക്താക്കൾക്ക് 1000 രൂപ സബ്സിഡി അനുവദിച്ച് വിതരണം ചെയ്യുകയുണ്ടായി. എല്ലാ വിഭാഗത്തിലുമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് 889 രൂപ നിരക്കിൽ ഈ ഉപകരണം ലഭ്യമാക്കിയിട്ടുണ്ട്.<br>2013-14 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2270 രൂപ വിലയുള്ള സോളാർ റാന്തലുകൾ 750 രൂപ സബ്സിഡി നിരക്കിൽ 33000 എണ്ണം ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യാൻ പദ്ധതിയുണ്ട്. ടെണ്ടർ വിളിച്ച് റാന്തലുകൾ procure ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ 13000 എൽ.ഇ.ഡി സോളാർ റാന്തലുകളും 750 രൂപ സബ്സിഡി നിരക്കിൽ എം.എൻ.ആർ.ഇ. അംഗീകൃത നിർമ്മാതാക്കളിൽ നിന്നും ടെണ്ടർ മുഖേന വാങ്ങി വിതരണം ചെയ്യാൻ |

പദ്ധതിയുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്കും ഈ സബ്സിഡി ആനുകൂല്യം ലഭ്യമാണ്.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) 2011-12 വർഷത്തെ പദ്ധതിയനുസരിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത, അംഗവൈകല്യമുള്ള വ്യക്തികൾക്ക്, വീട്ടിൽ പ്രതിദിനം 4 മണിക്കൂർ വെളിച്ചം ലഭ്യമാക്കുന്നതിന് 5000 സോളാർ റാന്തലുകൾ വിതരണം നടത്താൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ ആവശ്യത്തിന് അപേക്ഷകൾ ലഭ്യമായിരുന്നില്ല. 28000 വീടുകളിൽ സോളാർ റാന്തലുകൾ ലഭ്യമാക്കി പ്രസരണ വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യമാണ് 2012-13 വർഷത്തെ പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ഇത് 280 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് തുല്യമായി കണക്കാക്കുന്നു.

2013-14 വർഷത്തെ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന 46000 സോളാർ റാന്തലുകൾ 460 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് തുല്യമായവയാണ്. 46000 വീടുകളിൽ ഒരു മുറിക്ക് ആവശ്യമായ പ്രകാശം ലഭ്യമാക്കാൻ ഈ ഉപകരണങ്ങൾ പര്യാപ്തമാണ്.

(സി) പദ്ധതി പ്രകാരം പ്രസ്തുത സൗജന്യത്തിന് ആരെല്ലാമാണ് അർഹരായിട്ടുള്ളത്; വിശദമാക്കുമോ;

(സി) 2011-12 വർഷത്തെ പദ്ധതിയുടെ ഭാഗമായി 266 വ്യക്തികളും 2012-13 വർഷത്തെ പദ്ധതിയുടെ ഭാഗമായി 28000 കുടുംബങ്ങളും ഈ സബ്സിഡി ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. 2013-14 വർഷത്തെ സോളാർ റാന്തലുകളുടെ വിതരണം ഉടനടി ആരംഭിക്കുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) 2011-12, 2012-13 വർഷങ്ങളിൽ എം.എൻ.ആർ.ഇ. അംഗീകൃത നിർമ്മാതാക്കളിൽ നിന്നും ടെണ്ടർ പ്രക്രിയ യിലൂടെയാണ് വിതരണത്തിന് ആവശ്യമായ സോളാർ റാന്തലുകൾ വാങ്ങിയത്. പദ്ധതിയുടെ നിർവ്വഹണം അനെർട്ടിന്റെ 14 ജില്ലാ ഓഫീസുകൾ വഴിയാണ് നടത്തുന്നത്.

2013-14 വർഷം 33000 സി.എഫ്.എൽ. സോളാർ റാന്തലുകൾ വിതരണം

ചെയ്യുന്നതിനായി എം.എൻ.ആർ.ഇ. അംഗീകൃത നിർമ്മാതാവിന് സപ്ലൈ ഓർഡർ നൽകി ക്കഴിഞ്ഞു. ബാക്കിയുള്ള 13000 എൽ.ഇ.ഡി. സോളാർ റാന്തലുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഉടനടി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ